"ഭരണഭാഷ - മാതൃഭാഷ"

## തിരുവനന്തപുരം ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്

**പുറപ്പെടുവിക്കുന്നത് : കെ.പി.ശ്രീകുമാർ**

**വിഷയം:** വനംവകുപ്പ് - ജീവനക്കാര്യം - ടൈപ്പിസ്റ്റുമാർക്ക് റേഷ്യോ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം അനുവദിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവ് - സംബന്ധിച്ച്.

**സൂചന:**

1. ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 08-11-2013-ലെ ഇ2-5140/2010 (3) നമ്പർ ഉത്തരവ്.
2. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 11-11-2011-ലെ ഇ2-5383/2011 നമ്പർ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച ലോവർ ഡിവിഷൻ ടൈപ്പിസ്റ്റുമാരുടെ 01-01-2011 തീയതി കണക്കാക്കിയുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റ്.
3. ഭരണവിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 21-02-2010-ലെ ഇ2-5510/10 നമ്പർ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച ഫെയർ കോപ്പി സൂപ്രണ്ട്, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്, അപ്പർ ഡിവിഷൻ ടൈപ്പിസ്റ്റുമാരുടെ 01-01-2010 തീയതി കണക്കാക്കിയുള്ള താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ്.
4. ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 14-12-2012-ലെ ഇ2-600/2010 നമ്പർ ഉത്തരവ്.

### ഉത്തരവ് നമ്പർ ഇ2-600/2010 തീയതി : 23-12-2013.

വനംവകുപ്പിൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിൽ ജോലിനോക്കിയിരുന്ന ശ്രീമതി. എൻ.ആശാകുമാരി, ശ്രീമതി. വി.സുമിത്ര എന്നിവർക്ക് സൂചന (1) ഉത്തരവ് പ്രകാരം ഫെയർ കോപ്പി സൂപ്രണ്ടുമാരായി സ്ഥാനക്കയറ്റം നൽകി നിയമിച്ചതിനെത്തുടർന്ന് സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിൽ 2 ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. സൂചന (3) സീനിയോറിറ്റി ലിസ്റ്റിൽ ക്രമനമ്പർ 26 ശ്രീ. സി.കെ.മോഹനൻ വകുപ്പ് വിട്ട് പോയതുമൂലവും, ക്രമനമ്പർ 32 ശ്രീമതി. എൽ.പ്രശോഭകുമാരി, ക്രമനമ്പർ 49 ശ്രീ. സി.ആർ.പ്രേംരാജ്, ക്രമനമ്പർ 51 ശ്രീമതി. എസ്.കുമാരി ഗിരിജ എന്നീ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റുമാർ 30-11-2013-ൽ സർവ്വീസിൽ നിന്നും വിരമിച്ചതിനെത്തുടർന്ന് ഉണ്ടായ 4 ഒഴിവുകൾ ഉൾപ്പടെ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിൽ

ആകെ 6 ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. പ്രസ്തുത 6 ഒഴിവുകളിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിന് സൂചന 3 പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിൽ താഴെപ്പറയുന്ന അപ്പർ ഡിവിഷൻ ടൈപ്പിസ്റ്റുമാർ യോഗ്യത നേടിയിട്ടുണ്ട്.

| ക്രമ നമ്പർ | സീനിയോറിറ്റി ലിസ്റ്റിലെ ക്രമനമ്പർ | പേര് | ഇപ്പോൾ ജോലിനോക്കുന്ന ഓഫീസ് | പ്രാബല്യ തീയതി | ഒഴിവ് |
|---|---|---|---|---|---|
| 1. | 77 | ശ്രീമതി. ജലജ.കെ | വൈൽഡ്ലൈഫ് വാർഡൻ, തിരുവനന്തപുരം | 08-11-2013 | ശ്രീമതി.എൻ. ആശാകുമാരിക്ക് സ്ഥാനക്കയറ്റം ലഭിച്ച ഒഴിവ് |
| 2. | 78 | ശ്രീ. അനിൽകുമാർ.ആർ | കോതമംഗലം ഡിവിഷൻ | 08-11-2013 | ശ്രീമതി വി.സുമിത്രക്ക് സ്ഥാനക്കയറ്റം ലഭിച്ച ഒഴിവ് |
| 3. | 79 | ശ്രീ. ബാബു.കെ | സെൻട്രൽ സർക്കിൾ, തൃശൂർ | 01-12-2013 | ശ്രീമതി.എൽ. പ്രശോഭ കുമാരി, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് വിരമിച്ച ഒഴിവ് |
| 4. | 80 | ശ്രീമതി. സിനിമോൾ.കെ.കെ | മൂന്നാർ ഡിവിഷൻ | 01-12-2013 | ശ്രീ. സി.ആർ. പ്രേംരാജ് വിരമിച്ച ഒഴിവ് |
| 5. | 81 | ശ്രീമതി. സാവിത്രി.എം.കെ | തൃശൂർ ഡിവിഷൻ | 01-12-2013 | ശ്രീമതി.എസ് കുമാരി ഗിരിജ വിരമിച്ച ഒഴിവ് |
| 6. | 82 | ശ്രീമതി. മൈമൂനത്ത്.റ്റി.എം. | വാഴച്ചാൽ ഡിവിഷൻ | 01-12-2013 | ശ്രീ. സി.കെ. മോഹനൻ വകുപ്പ് വിട്ടുപോയ ഒഴിവ് |

മേപ്പടി 6 അപ്പർ ഡിവിഷൻ ടൈപ്പിസ്റ്റുമാരെ അവരവരുടെ പേരിനു നേരെ സൂചിപ്പിച്ചിട്ടുള്ള തീയതി പ്രാബല്യത്തിൽ 14620-25280 രൂപ ശമ്പള സ്കെയിലിൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റുമാരായി സ്ഥാനക്കയറ്റം

നൽകിക്കൊണ്ടും അവർ ഇപ്പോൾ ജോലിചെയ്യുന്ന ഓഫീസിലെ അപ്പർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തിക സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയായി താൽക്കാലികമായി ഉയർത്തി അതാത് ഓഫീസിൽ തുടരാൻ അനുവദിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

മേൽപ്പറഞ്ഞ സ്ഥാനക്കയറ്റംമൂലം അപ്പർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികയിൽ ഉണ്ടായിട്ടുള്ള 6 ഒഴിവുകളിലേക്ക് സൂചന (2) പ്രകാരം പ്രസിദ്ധീകരിച്ച ലോവർ ഡിവിഷൻ ടൈപ്പിസ്റ്റുമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം താഴെ പറയുന്നവർക്ക് അപ്പർ ഡിവിഷൻ ടൈപ്പിസ്റ്റുമാരായി സ്ഥാനക്കയറ്റം ലഭിക്കുന്നതിന് അർഹതയുണ്ട്.

| ക്രമ നമ്പർ | പേര് | സീനിയോറിറ്റി ലിസ്റ്റിലെ ക്രമനമ്പർ |
|---|---|---|
| 1. | ശ്രീ. മുഹമ്മദ് ഷാജു.എസ് | 17 |
| 2. | ശ്രീമതി. ആശ.റ്റി | 18 |
| 3. | ശ്രീമതി. ആശാമോൾ.എ.ആർ | 21 |
| 4. | ശ്രീമതി. സിന്ധു.പി.ജി. | 22 |
| 5. | ശ്രീമതി. ജയശ്രീ.റ്റി | 23 |
| 6. | ശ്രീമതി. സിന്ധു.റ്റി.റ്റി | 24 |

മേൽ സാഹചര്യത്തിൽ അപ്പർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികയിൽ ഉണ്ടാകുന്ന 6 ഒഴിവുകളിലേയ്ക്ക് താഴെപ്പറയുന്ന ലോവർ ഡിവിഷൻ ടൈപ്പിസ്റ്റുമാരെ അവരവരുടെ പേരിനു നേരെ രേഖപ്പെടുത്തിയിട്ടുള്ള തീയതി പ്രാബല്യത്തിൽ 13210-22360 രൂപ ശമ്പള സ്കെയിലിൽ അപ്പർ ഡിവിഷൻ ടൈപ്പിസ്റ്റുമാരായി സ്ഥാനക്കയറ്റം അനുവദിച്ചുകൊണ്ടും അവർ ഇപ്പോൾ ജോലിനോക്കുന്ന ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികകൾ അപ്പർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികയായി ഉയർത്തി അതാത് ഓഫീസുകളിൽ തുടരാൻ അനുവദിച്ചുകൊണ്ടും ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര് | സീനിയോറിറ്റി ലിസ്റ്റിലെ ക്രമനമ്പർ | ഇപ്പോൾ ജോലിനോക്കുന്ന ഓഫീസ് | പ്രാബല്യ തീയതി | ഒഴിവ് |
|---|---|---|---|---|---|
| 1. | ശ്രീ. മുഹമ്മദ് ഷാജു.എസ് | 17 | സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, പത്തനംതിട്ട | 08-11-2013 | ശ്രീമതി.ജലജ.കെ. യു.ഡി.ടൈപ്പിസ്റ്റിന് സ്ഥാനക്കയറ്റം ലഭിച്ച ഒഴിവ് |
| 2. | ശ്രീമതി.ആശ.റ്റി | 18 | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, കോന്നി | 08-11-2013 | ശ്രീ.അനിൽകുമാർ. ആർ., യു.ഡി.ടൈപ്പിസ്റ്റിന് സ്ഥാനക്കയറ്റം ലഭിച്ച ഒഴിവ് |

| | | | | | |
|---|---|---|---|---|---|
| 3. | ശ്രീമതി ആശാമോൾ. എ.ആർ. | 21 | ഹൈറേഞ്ച് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസ്, കോട്ടയം | 01-12-2013 | ശ്രീ.ബാബു.കെ., യു.ഡി.ടൈപ്പിസ്റ്റിന് സ്ഥാനക്കയറ്റം ലഭിച്ച ഒഴിവ് |
| 4. | ശ്രീമതി സിന്ധു.പി.ജി. | 22 | സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസ്, കോട്ടയം | 01-12-2013 | ശ്രീമതി.സിനിമോൾ .കെ.കെ., യു.ഡി. ടൈപ്പിസ്റ്റിന് സ്ഥാനക്കയറ്റം നൽകിയ ഒഴിവ് |
| 5. | ശ്രീമതി ജയശ്രീ.റ്റി | 23 | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, നിലമ്പൂർ (സൗത്ത്) | 01-12-2013 | ശ്രീമതി.സാവിത്രി. എം.കെ. യു.ഡി. ടൈപ്പിസ്റ്റിന് സ്ഥാനക്കയറ്റം നൽകിയ ഒഴിവ് |
| 6. | ശ്രീമതി സിന്ധു.റ്റി.റ്റി | 24 | സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസ്, കോഴിക്കോട് | 01-12-2013 | ശ്രീമതി. മൈമൂനത്ത് റ്റി.എം., യു.ഡി.ടൈപ്പിസ്റ്റിന് സ്ഥാനക്കയറ്റം നൽകിയ ഒഴിവ് |

ഈ ഉത്തരവ് പ്രകാരം 6 ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികകൾ അപ്പർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികകളായി ഉയർത്തിയതിനെത്തുടർന്ന് താഴെപ്പറയുന്ന ഓഫീസുകളിലെ അപ്പർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികകൾ ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികകളായി താഴ്ത്തിക്കൊണ്ട് ഉത്തരവാകുന്നു.

| ക്രമ നമ്പർ | ഓഫീസിന്റെ പേര് | തസ്തികകളുടെ വിവരം |
|---|---|---|
| 1. | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, കാസർഗോഡ് | ശ്രീമതി. എൻ.ആശാകുമാരി, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റിന് സ്ഥാനക്കയറ്റം ലഭിച്ച ഒഴിവ്. |
| 2. | സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, കൊല്ലം | ശ്രീമതി. വി.സുമത്രി, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റിന് സ്ഥാനക്കയറ്റം ലഭിച്ച ഒഴിവ്. |
| 3. | വനംവകുപ്പാസ്ഥാന ഓഫീസ് | ശ്രീമതി. എൽ.പ്രശോഭകുമാരി, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് വിരമിച്ച ഒഴിവ്. |

| | | |
|---|---|---|
| 4. | അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി) യുടെ ഓഫീസ്, വയനാട്. | ശ്രീ. സി.ആർ.പ്രേംരാജ്, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് വിരമിച്ച ഒഴിവ്. |
| 5. | അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (റിസർച്ച് സൗത്ത്) ന്റെ ഓഫീസ്, തിരുവനന്തപുരം | ശ്രീമതി. എസ്.കുമാരി ഗിരിജ, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് വിരമിച്ച ഒഴിവ്. |

ഈ ഉത്തരവ് പ്രകാരം നിലവിൽ വരുന്ന ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികയിലെ 5 ഒഴിവുകൾ അതാത് നിയമനാധികാരികൾ പബ്ലിക് സർവ്വീസ് കമ്മിഷൻ മുഖേന നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

**പകർപ്പ്** : Email മുഖേന.

1. വ്യക്തികൾക്ക് (മേലധികാരികൾ മുഖേന)
2. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്.
3. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ചീഫ് വൈൽഡ്ലൈഫ് വാർഡൻ.
4. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി).
5. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (D&PFM)
6. എല്ലാ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും.
7. എല്ലാ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും.
8. എല്ലാ ഫോറസ്റ്റ് കൺസർവേറ്റർമാർക്കും.
9. എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും/അസിസ്റ്റന് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും
10. എല്ലാ ഓഫീസ് മേലധികാരികൾക്കും.
11. ഫോറസ്റ്റ് വെബ്സൈറ്റിലേയ്ക്ക്.

F\Robin\2013\E2